പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2876</u>　　　　10/03/2017-ൽ മറുപടിക്ക്

## മത്സ്യഫെഡ്

**ചോദ്യം**

ശ്രീ. എസ്. ശർമ്മ
" കെ. കുഞ്ഞിരാമൻ
" വി.കെ.സി. മമ്മത് കോയ
" എം. നൗഷാദ്

**മറുപടി**

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മത്സ്യഫെഡിന്റെ ലക്ഷ്യങ്ങൾ വ്യക്തമാക്കാമോ ; | (എ) | മത്സ്യഫെഡിന്റെ നിയമാവലി പ്രകാരമുള്ള ലക്ഷ്യങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു. |
| (ബി) | ഏതാനും വർഷങ്ങളായി ഈ സ്ഥാപനത്തിൽ വൻ ക്രമക്കേടുകൾ നടക്കുന്നുവെന്ന പരാതിയെക്കുറിച്ച് അന്വേഷിച്ചിരുന്നോ; കണ്ടെത്തിയ കാര്യങ്ങൾ വെളിപ്പെടുത്താമോ; | (ബി) | മത്സ്യഫെഡിലെ ക്രമക്കേടുകൾ സംബന്ധിച്ച് ലഭിച്ച പരാതികളിൻമേൽ പ്രാഥമികാന്വേഷണം നടത്തിയിരുന്നു. പ്രാഥമികാന്വേഷണത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് 1969-ലെ സഹകരണ സംഘം നിയമം വകുപ്പ് 65 പ്രകാരം ദക്ഷിണ മേഖലാ ഫിഷറീസ് ജോയിന്റ് ഡയറക്ടർ ശ്രീ. വി. മനോമോഹനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയോഗിച്ച് അന്വേഷണം നടത്തിയിരുന്നു. 65-ാം വകുപ്പ് പ്രകാരം നടത്തിയ അന്വേഷണത്തിൽ മത്സ്യഫെഡിൽ താത്ക്കാലിക/കരാർ നിയമനങ്ങൾ നടത്തിയതിലും, സഹകരണ സംഘം നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ചെയർമാന്റെ ദുരിതാശ്വാസ നിധി രൂപീകരിച്ച് വിതരണം നടത്തിയതിലും മുട്ടത്തറ വല നിർമ്മാണ ശാലയുടെ നിർമ്മാണത്തിലും നടത്തിപ്പിലും, പലിശ രഹിത വായ്പാ പദ്ധതിയിലും, അംഗസംഘങ്ങൾക്ക് വായ്പകളും ഗ്രാന്റുകളും നൽകിയതിലും, ഉദ്ഘാടനം, തറക്കല്ലിടൽ എന്നിവയിലും, മത്സ്യഫെഡ് മുഖേനയുള്ള മണ്ണെണ്ണ വിതരണത്തിലും ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി. |
| (സി) | ഏതു കാലഘട്ടം വരെയുള്ള ഓഡിറ്റ് പൂർത്തിയായെന്നും ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തൊക്കെയാണെന്നും അറിയിക്കാമോ; | (സി) | 2015-16 സാമ്പത്തിക വർഷം വരെയുള്ള ഓഡിറ്റ് പൂർത്തിയായിട്ടുണ്ട്. 2015-16-ലെ മത്സ്യഫെഡിന്റെ ഓഡിറ്റ് റിപ്പോർട്ടിലെ ന്യൂനതാ സംഗ്രഹത്തിലെ 1 മുതൽ 22 വരെയുള്ള ഖണ്ഡികകൾ അനുബന്ധം (2) ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | |
| (ഡി) | ദിവസ വേതനക്കാരെയും കരാർ ജീവനക്കാരെയും നിശ്ചയിച്ചതിൽ വ്യാപകമായ അഴിമതി നടത്തി സ്ഥാപനത്തിന് നഷ്ടമുണ്ടാക്കിയെന്ന ആരോപണത്തെക്കുറിച്ച് പരിശോധന നടത്തിയിരുന്നോ; വ്യക്തമാക്കുമോ? | (ഡി) | പരിശോധന നടത്തിയിരുന്നു. ഇത് അന്വേഷണ വിഷയങ്ങളിൽ ഒന്നായിരുന്നു. |



സെക്ഷൻ ഓഫീസർ

[illegible]

അനുബന്ധം 1

... means the period commencing from 1st April ... ending with 31st March of the succeeding year.

OBJECTS

To carry out activities for promoting production, procurement, processing and marketing of fish products for the economic social development of fishermen community and therefore in order to achieve the above objectives, the following functions will be taken up:

(i) To supply credit of all types including production, investment, marketing and welfare credits.

(ii) To supply fishing implements and other equipments of fishing industry.

(iii) To purchase fish and fish products.

(iv) To market fish and fish products of members.

(v) * To arrange training of members of affiliated primary co-operative societies and Matsyafed in various methods of fishing and fish processing.

(vi) To undertake extension work.

(vii) * To prepare and implement economic development programmes for providing employment opportunities to fishermen members of Matsyafed and societies.

(viii) To raise funds to require for the business by way of loan from Financing Institutions, Government or Statutory Bodies for various programmes.



(ix) To make necessary arrangements to obtain funds to affiliated societies for the implementation of approved Development Schemes, to improve the economic and social conditions of fishermen.

(x) To undertake and promote either in its own account or on behalf of the affiliated societies or Government, import export or inter state trade in fish products and processed goods and allied goods.

(xi) To conduct socio economic analytical studies on the economic conditions of the fishermen in selected area and to suggest measures for their economic uplift.

(xii) * To arrange to obtain from Government land for fish farming, fishing rights etc. to the Matsyafed and its members.

(xiii) To conduct market analysis studies for steady marketing of fish and fish products and also to conduct regulated markets in fishing villages.

(xiv) * To advance funds on the security of products of the affiliated societies.

(xv) To open branches, sales depots or agencies in any part of India as per rules framed and approved by the Registrar for the purpose.

(xvi) To own lands, water frontage, buildings, fixtures machinery plants and vehicles.

(xvii) To act as agents for Government for Public Bodies and Corporations registered under any Act with previous sanction of Director of Fisheries.

(xviii) To undertake the Housing Schemes for the benefit of the members of the Matsyafed and sell them on hire purchase basis or otherwise.

(xix) To raise funds as loans, subsidies, grants and other contributions from Government, Quasi Government organisations, HUDCO, N. C. D. C., NABARD, L. I. C., other Corporations, Banks or any other approved financing agencies and to distribute among its members or associate members as cash or as inputs or assets for implementation of schemes such as

Housing. Fish Farming, Integrated Fisheries Development Schemes etc , and to take appropriate steps for the recumption of loans from such beneticiaries.

(xx) * To raise funds by collection from among the members , associate members and from the fishing industry for implementing welfare scheme of any kind including Housing, Distress Relief, Employment Generation for the benefit of traditional fishermen or for providing infrastructure facilities to members of Matsyafed and societies.

(xxi) To undertake economic activities by entering into Joint Venture Projects and to conclude contracts with individuals / firms / corporate or other statutory bodies etc., either Indian or Foreign and also to float Joint Venture Companies wherever and whenever necessary.

(xxii) To do such other activities which are conducive and incidental to the attainment of the above objects and to the promotion of the the affiliated societies calculated for the welfare of fishermen in the state on Co-operative principles.

ചോദ്യം(സി).

അനുബന്ധം II.

# ആഡിറ്റ് ന്യൂനതാ സംഗ്രഹം 2015 16

1. മത്സ്യഫെഡ് തൻവർഷം 4,24,74,064.59/ രൂപയുടെ പ്രവർത്തന നഷ്ടമാണ് ഉണ്ടാക്കിയിരിക്കുന്നത്. ആയത് താഴെ കൊടുത്തിരിക്കുന്ന കാരണങ്ങളാൽ ഉണ്ടായതാണ്.

(എ). 2014 - 15 വർഷത്തേക്കാൾ സിൽബന്ദി ചെലവിനത്തിൽ 4,57,37,723/ രൂപയുടെ വർദ്ധനവും തൻ ചെലവിനത്തിൽ 1,28,21,346.72/ രൂപയുടെ വർദ്ധനവുംഉണ്ടായിട്ടുണ്ട്.

(ബി) ട്രേഡിംഗ് അക്കൗണ്ട് പ്രകാരം 2014 15 വർഷത്തേക്കാൾ മൊത്ത ലാഭം 66,84,986.24/ രൂപ കുറവ് ഉണ്ടായിട്ടുണ്ട്.

(സി). വനിത ബസ്സ് സർവ്വീസ് നടത്തുന്ന വകയിൽ മത്സ്യഫെഡിന് 14,80,725.36/ രൂപയുടെ നഷ്ടംഉണ്ടായിട്ടുണ്ട്.

(ഡി). പലിശ ചെലവും പലിശ വരവും തമ്മിലുള്ള വ്യത്യാസം 2014 15 വർഷത്തിൽ 68,30,141/ ഉള്ളത് 2015 16 വർഷത്തേക്കാൾ 1,19,43,653.84/ രൂപയുടെവ്യത്യാസമായിഉയർന്നിട്ടുണ്ട്.

(ഇ). പല വക ഇനത്തിലുള്ള വരുമാനം 2014 15 വർഷത്തേക്കാൾ 1,95,46,944.13/ രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ട്.

2. മത്സ്യതൊഴിലാളികൾക്ക് വിവിധ പദ്ധതികളിലായി കോടി കണക്കിന് രൂപയുടെ സർക്കാർ ധന സഹായം മത്സ്യഫെഡ് മുഖേന നടത്തി വരുന്നുണ്ട്. മത്സ്യഫെഡ് ജീവനക്കാരിൽ ഭൂരിഭാഗവും താൽകാലിക ജീവനക്കാരാണ്. പ്രോജക്ട് ഓഫീസർ, സെയിൽസ് മാൻ, സെയിൽസ് അസിസ്റ്റന്റ് അറ്റൻഡർ എന്നിങ്ങനെയുള്ള ഉത്തരവാദപ്പെട്ട തസ്തികകളിലും വർഷങ്ങളായി താൽക്കാലിക ജീവനക്കാരാണ് ജോലി ചെയ്യുന്നത്. മത്സ്യഫെഡിന്റെ യൂണിറ്റുകളെല്ലാം കമ്പ്യൂട്ടർ വൽകരിച്ച സ്ഥിതിയ്ക്ക് ജില്ലാ ഓഫീസുകളിലും ഇതര യൂണിറ്റുകളിലും ആവശ്യമായ ജീവനക്കാരുടെ തസ്തികൾ നിജപ്പെടുത്തി ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാഫ് പാറ്റേൺ തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം ലഭിക്കുന്ന തസ്തികൾ സ്ഥിര നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ജില്ലാ ഓഫീസും മറ്റു യൂണിറ്റുകളുമായി നടത്തുന്ന ഇടപാടുകളും, യൂണിറ്റുകൾ തമ്മിൽ നടത്തുന്ന ഇടപാടുകളും അനുരഞ്ജനം നടത്തി കണക്കുകൾ കൃത്യാക്കുന്നതിന് ആവശ്യമായ രേഖപ്പെടുത്തലുകൾ സാമ്പത്തിക വർഷം അവസാനിക്കുന്ന മുറയ്ക്ക് തന്നെ നടത്തേണ്ടതാണ്.

4. Education Fund ഇനത്തിൽ 2,16,751/ രൂപയും Professional Education Fund ൽ 641090/ രൂപയും മെമ്പർ റിലീഫ് ഇനത്തിൽ 2,00,000/ രൂപയും അടയ്ക്കാൻ ബാക്കി നിൽപ്പുള്ളതായി കാണുന്നു. ആയത് അടിയന്തിരമായി അടച്ചു നൽകേണ്ടതാണ്.

5. Bad and doubt ful ഇനത്തിൽ കരുതലായി വച്ചിട്ടുള്ള [illegible],106.67/ [illegible] ഈടാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

6. മത്സ്യഫെഡിന്റെ ഹെഡ്ഡാഫീസിൽ HDFC ബാങ്കിൽ 119890/ രൂപ വർഷങ്ങളായി നിക്ഷേപം ഉള്ളതായി കാണുന്നു. പലിശ ഇനത്തിൽ യാതൊരു തുകയും നാളിതു വരെ ലഭിച്ചിട്ടില്ല. ടി തുക പിൻവലിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

7. വനിത ബസ്സ് ഇനത്തിൽ സബ്സിഡി ഇനത്തിൽ ലഭിച്ച 13,13,922.80/ രൂപ 31.03.2016 വരെ യാതൊരു തുകയും ചിലവഴിച്ചിട്ടില്ല.

8. ജില്ലാ ഓഫീസ്, തിരുവനന്തപുരത്തെ CA 10, CA 100, കൊല്ലത്തെ ICIC ബാങ്കിലുള്ള 311/ രൂപ ബാക്കി നിൽപ്പുള്ള A/c എറണാകുളം ജില്ലാ ഓഫീസിലെ Indian Overseas Bank ലുള്ള A/c . വ്യാസാ പൂന്തുറയിലുള്ള A/c No. 4705 എന്നിവയുടെ Confirmation Certificate ലഭിയ്ക്കാത്തതിനാലും ആയതിലെ തുകയ്ക്ക് കഴിഞ്ഞ ആഡിറ്റ് നടപ്പിലാക്കി കരുതലുകൾ വെച്ചിട്ടുണ്ടെങ്കിലും ടി തുക മത്സ്യഫെഡിന് ലഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

9. ആഡിറ്റ് വർഷത്തിൽ താഴെ രേഖപ്പെടുത്തുന്ന മത്സ്യഫെഡിന്റെ മണ്ണെണ്ണ ബങ്കുകളിൽ അനുവദനീയമായ കുറവിൽ അധികരിച്ചു വന്ന കുറവടിയുടെ തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കേണ്ടതാണ്.

| ക്രമ നമ്പർ | മണ്ണെണ്ണ ബങ്കിന്റെ പേര് | ആകെ കുറവടി | അനുവദനീയമായ കുറവടി | അധികരിച്ച കുറവടി |
|---|---|---|---|---|
| 1 | അമ്പലപ്പുഴ | 117439.61 | 95172.90 | 22266.71 |
| 2 | അർത്തുങ്കൽ | 20919.28 | 16622.51 | 4296.77 |
| 3 | ഉണ്ണിയാൽ | 10742.00 | 6516.98 | 4225.02 |
| 4 | പൊന്നാനി | 109667.00 | 69592.06 | 40074.94 |
| 5 | കാസർഗോഡ് | 129902.37 | 763113.55 | 53788.82 |
| 6 | കോഴിക്കോട് | 183114.99 | 147732.27 | 35382.72 |
| ഈടാക്കേണ്ട തുക | | | | 160034.98 |

10. മുൻ വർഷങ്ങളിൽ വിഭജിക്കുവാൻ ബാക്കിയുള്ള ലാഭം നിയമാവലി വ്യവസ്ഥാ പ്രകാരം വിഭജനം നടത്തേണ്ടതാണ്.

11. 31.03.2016 സ്റ്റോക്ക് പരിശോധനയിൽ കുറവു കണ്ട താഴെ പറയുന്ന യൂണിറ്റുകളിൽ നിന്നും ഇതോടൊപ്പം രേഖപ്പെടുത്തുന്ന തുകകൾ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

| ക്രമ നമ്പർ | യൂണിറ്റ് | തുക |
|---|---|---|
| 1 | വ്യാസാ സ്റ്റോർ, മുരുക്കുംപാടം | 3800.82/ |
| 2 | വ്യാസാ സ്റ്റോർ, മുനമ്പം | 293.20/ |
| 3 | വ്യാസാ സ്റ്റോർ, കണ്ണൂർ | 158.46/ |

12. മത്സ്യഫെഡിന്റെ തൻ വർഷത്തെ കണക്ക് പ്രകാരം ഏകദേശം 560 കോടി രൂപയുടെ സാമ്പത്തിക ഇടപാടുകൾ നടക്കുന്നുണ്ട്. വലിയ തോതിലുള്ള വിനിമയം നടത്തുമ്പോൾ ഉണ്ടാകുവാൻ സാധ്യതയുള്ള തെറ്റുകളും കുറവുകളും യഥാ സമയം കണ്ടു പിടിച്ച് പരിഹരിക്കുന്നതിന് ഇന്റേണൽ ആഡിറ്റിന്റെ അഭാവം മൂലം കഴിയുന്നില്ല.

മത്സ്യഫെഡ് ഇപ്പോൾ കോടി കണക്കിന് രൂപയുടെ സർക്കാർ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. കൂടാതെ പുതുതായി ആരംഭിക്കുന്ന വാണിജ്യ സ്ഥാപനങ്ങളിലും വലിയ തോതിലുള്ള സാമ്പത്തിക വിനിമയം നടത്തി വരുന്നു. എന്നാൽ മത്സ്യഫെഡിന്റെ സാമ്പത്തിക വിഭാഗം വളരെ ദുർബലമാണ്. മതിയായ ജീവനക്കാരുടെ അഭാവം മൂലം ഒരു ഇന്റേർണൽ ആഡിറ്റ്/ഇൻസ്പെക്ഷൻ വിഭാഗം രൂപീകരിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഇതര ഡിവിഷനുകളിൽ അനുവദിച്ചിട്ടുള്ള ഡെപ്യൂട്ടി മാനേജർ, മാനേജർ തസ്തികകൾ ധനകാര്യ വിഭാഗത്തിനും നാളിതു വരെ അനുവദിച്ചു നൽകിയിട്ടില്ല.

മത്സ്യഫെഡിന് തനതായ ഒരു ഇന്റേർണൽ ഇൻസ്പെക്ഷൻ വിഭാഗം ഉണ്ടാകുന്നത് സാമ്പത്തിക ഭദ്രത ഉറപ്പു വരുത്തുന്നതിനും ആഡിറ്റ് ന്യൂനതകൾ കുറയ്ക്കുന്നതിനും അനിവാര്യമായതിനാൽ ആവശ്യമായ തസ്തികകൾ അനുവദിച്ചു നൽകുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

13. പുതുതായി ആരംഭിച്ചിട്ടുള്ള യൂണിറ്റുകളിലും വാണിജ്യ സ്ഥാപനങ്ങളിലും ആവശ്യത്തിനുള്ള ജീവനക്കാരുടെ തസ്തിക അനുവദിച്ചു നൽകാത്തതിനാൽ ടി യൂണിറ്റുകളിൽ കണക്കുകൾ കൈ കാര്യം ചെയ്യുന്നതിനും ദൈനം ദിന പ്രവർത്തനങ്ങളുടെ മെച്ചപ്പെട്ട നടത്തിപ്പിന് യോഗ്യരായ ജീവനക്കാരുടെ അഭാവം പല യൂണിറ്റുകളിലും പ്രതിഫലിച്ചു വരുന്നു. ആയതിനാൽ യോഗ്യരായ സ്ഥിരം ജീവനക്കാരെ നിയമിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

14. വ്യാസാ സ്റ്റോറുകളിൽ ഫെർട്ടിലൈസർ മാൻ [illegible] സൂക്ഷിക്കേണ്ടതാണ്.

15. മത്സ്യഫെഡിന്റെ കൈവശമുള്ള ഡാമേജ് സ്റ്റോക്ക് ലേലം ചെയ്യുന്നതിന് വേണ്ട നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

16. കൂടുതൽ ടേൺ ഓവറുള്ള വ്യാസാ സ്റ്റോറുകളിൽ ഒരേ ഒരു ജീവനക്കാരൻ മാത്രമാണുള്ളത്. ആയതിനാൽ വിറ്റു വരവിനു അനുസൃതമായി ജീവനക്കാരെ വ്യാസാ സ്റ്റോറുകളിൽ നിയമിക്കുന്നതിനാവശ്യമായ സ്റ്റാഫ് പാറ്റേൺ അംഗീകരിച്ചു ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

17. വ്യാസാ സ്റ്റോറിന്റെ സ്റ്റോക്കിൽ ഉൾപ്പെട്ടതും എന്നാൽ വർഷങ്ങളായി വിൽപ്പന നടത്താതുമായ ഇനങ്ങൾ പ്രത്യേകിച്ച് സ്പെയർ പാർട്സ്, വല തുടങ്ങിയവ ബന്ധപ്പെട്ട സ്ഥാപനങ്ങളിലേയ്ക്ക് തിരിച്ച് അയച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

18. Grant & Subsidy ഇനത്തിൽ ഉപഭോക്താക്കൾക്ക് നൽകുന്ന തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിന് യഥാ സമയം തന്നെ സമർപ്പിക്കേണ്ടതാണ്.

19. അപ്പെക്സ് സ്ഥാപനമെന്ന നിലയ്ക്ക് 17.07.2016 ലെ GO (P) No. 5/16 F&PD അംഗീകരിച്ചതിൽ പ്രകാരം പി. എസ്സ്. സി മുഖേന നിയമനം നടത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. (Sec 80 (3A) of KCS Act 1969)

20. കേരള സഹകരണ സംഘം നിയമം 66(7) വകുപ്പ് പ്രകാരം മത്സ്യഫെഡ് അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ സംഘങ്ങളുടേയും പരിശോധന സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതും പരിശോധനയിൽ കണ്ടെത്തുന്ന വിവരങ്ങൾ യഥാ സമയം ഫിഷറീസ് ഡയറക്ടറെ അറിയിക്കേണ്ടതുമാണ്. പ്രാഥമിക സംഘങ്ങൾക്കും മത്സ്യ തൊഴിലാളികൾക്കും മത്സ്യഫെഡ് നൽകുന്ന വായ്പകൾ ശരിയായി അക്കൗണ്ട് ചെയ്യുന്നതിനും സംഘങ്ങളിൽ തുടർച്ചയായ പരിശോധനകൾ നടത്തി അക്കൗണ്ടിംഗ് ചെയ്യുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. പ്രാഥമിക സംഘങ്ങൾക്ക് സ്ഥിരീകരണ സർട്ടിഫിക്കറ്റ് യഥാ സമയം നൽകുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്.

21. 1969 ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 69(4) പ്രകാരം തിരിച്ചടവ് കാലാവധി കഴിഞ്ഞ് 3 വർഷം അവസാനിക്കുമ്പോൾ ആർബിട്രേഷൻ ഫയൽ ചെയ്യുവാൻ കഴിയുകയില്ല. ആയതിനാൽ മത്സ്യഫെഡിന് ലഭിക്കേണ്ട തുകകൾക്ക് കാലഹരണ നിയമ പരിധിക്കകം ആർബിട്രേഷൻ ഫയൽ ചെയ്യുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

22. ഗ്രാറ്റുവിറ്റി ആക്ട് പ്രകാരം അർഹമായ [illegible] പ്രീമിയം അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സെക്ഷൻ ഓഫീസർ